എൻ.വി. കൃഷ്ണവാരിയർ സ്മാരകപ്രഭാഷണം

# സാംസ്കാരികരംഗത്തെ അഴിച്ചുപണികൾ

**കെ.ജി. പൗലോസ്**

കൂടുതൽ ഉപയോഗിച്ചതുകൊണ്ട്, നാണയത്തിന്റെ അച്ചുപോലെ, അർത്ഥത്തിന് തേയ്മാനം സംഭവിച്ച പദമാണ് സംസ്കാരം. സംസ്കാരത്തെപ്പറ്റിയുള്ള ഏത് പഠനത്തിലും അതിന്റെ അർത്ഥമെന്തെന്ന് ആദ്യമേതന്നെ വ്യക്തമാക്കേണ്ടതുണ്ട്.

സംസ്കൃതത്തിൽ സംസ്കാരത്തിന്റെ പ്രസിദ്ധമായ അർത്ഥം ആചാരങ്ങളുമായി ബന്ധപ്പെട്ടതാണ്. ഗർഭത്തിൽ ഉരുക്കൊള്ളുമ്പോൾ മുതൽ ചിതയിൽ കത്തിയമരുംവരെ പലഘട്ടങ്ങളിൽ ചെയ്യുന്ന പതിനാറ് ചടങ്ങുകളുണ്ട്. ഷോഡശസംസ്കാരങ്ങൾ എന്നാണിവയെ വിളിക്കുന്നത്. അവയുടെ അവസാനത്തേതായ ശവസംസ്കാരം മാത്രം ഇന്നും ആ അർത്ഥത്തിൽ തന്നെ പ്രയോഗിച്ചുവരുന്നു.

തേച്ചുമിനുക്കിയത്, ശുദ്ധിചെയ്തെടുത്തത്, എന്നൊരർത്ഥവും സംസ്കൃതത്തിൽ ഈ പദത്തിനുണ്ട്. പ്രാകൃതമായ ഒന്നിൽ നിന്നുവേണം ശുദ്ധീകരിക്കാൻ. അപ്പോൾ ശുദ്ധം, അശുദ്ധം എന്നൊരു ദ്വന്ദ്വപരികല്പന ആവശ്യമായി വരുന്നു. 'സ്വഭാവസുന്ദരം വസ്തു ന സംസ്കാരമപേക്ഷതേ', 'പ്രയുക്തസംസ്കാര ഇവാധികം ബഭൗ' എന്നൊക്കെ സംസ്കൃതത്തിൽ പ്രയോഗങ്ങളുണ്ട്. സഞ്ചിതമായ അറിവ് എന്ന മൂന്നാമതൊരർത്ഥവും ഈ പദത്തിനുണ്ട്. ന്യായശാസ്ത്രത്തിൽ സ്മൃതിയെ സംസ്കാരഭാവജന്യമെന്ന് വിശേഷിപ്പിക്കുന്നുണ്ട് ആചാര്യന്മാർ. പ്രാക്തനജന്മസ്മൃതികൾ ജന്മാന്തരങ്ങളിലേക്ക് പകരുന്നതിനെ സംസ്കാരപ്പകർച്ചയായി കണക്കാക്കുന്നത് ഈ അർത്ഥത്തിലാണ്.

എന്തൊക്കെ ആയാലും മിനുക്കിയെടുത്തത് എന്നൊരർത്ഥം എല്ലാ തലത്തിലും സംസ്കാരം എന്ന പദത്തെ പിന്തുടരുന്നുണ്ട്.

## മീൻമുറ

'തന്നിലിളയത് തനിക്കിര' എന്ന മീൻമുറയായിരുന്നു പണ്ടുണ്ടായിരുന്നത്. മത്സ്യന്യായം എന്ന് സംസ്കൃതം. ബൃഹദാരണ്യകോപനിഷത്ത് പ്രാകൃതമായ ഈ ദശയിലേക്ക് വെളിച്ചം വീശുന്നുണ്ട്.

ജാതികളും വർഗ്ഗങ്ങളും ഉണ്ടാകുന്നതിനു മുമ്പുള്ള ആദിമദശയിൽ ദേവന്മാരും ദാനവന്മാരുമൊക്കെ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. പ്രജാപതിയുടെ ശിഷ്യന്മാരായി ഒരുമയോടെ ഇവർ കഴിഞ്ഞുപോന്നു. അഭ്യസനം കഴിഞ്ഞ് സ്വസ്ഥാനങ്ങളിലേക്ക് മടങ്ങുംമുൻപ് തങ്ങൾക്ക് പ്രത്യേകമായ ഉപദേശങ്ങൾ നൽകണമെന്ന് അവർ പ്രജാപതിയോട് അപേക്ഷിച്ചു. സന്തുഷ്ടനായ പ്രജാപതി ദേവന്മാരെ അടുത്തുവിളിച്ച് 'ദ' എന്ന് പറഞ്ഞു. പൊരുളറിഞ്ഞോ എന്ന് ചോദിച്ചപ്പോൾ സമ്മതഭാവത്തിലവർ തലകുലുക്കി. ദാമ്യത-ദമനം ചെയ്യൂ, അടക്കൂ എന്നാണ് ബ്രഹ്മാവ് നൽകിയ ഉപദേശം എന്നവർ ഗ്രഹിച്ചു.

സിദ്ധിയുള്ളവരാണ് ദേവന്മാർ. ആരേയും ഉപദ്രവിക്കാൻ കഴിവുകളുപയോഗിക്കരുത്. സംയമനമന്ത്രം ദേവന്മാർക്കുപദേശിക്കാൻ കാരണമതാണ്. ഉപദേശം തേടി പിന്നീട് വന്നത് മനുഷ്യരാണ്. അവരോട് 'ദ' എന്ന്തന്നെ പറഞ്ഞു - ദത്ത, ദാനം ചെയ്യുക. സമ്പത്ത് കൈയാളുന്നത് മനുഷ്യനാണ്. ഒന്നിച്ച് ഒരാൾ കുന്നുകൂട്ടാതെ പങ്കിട്ടെടുക്കണം. അവസാനം അസുരന്മാർ വന്നു. ഉപദേശമതു തന്നെ - 'ദ' ദയധ്വം - ദയ കാണിക്കണം. കായബലമേറിയവരാണ് അസുരന്മാർ. തന്നിൽ ബലം കുറഞ്ഞവരോട് അവർ 'ദ' കാണിക്കണം. മൂവർക്കും പ്രജാപതി നൽകിയ 'ദ' എന്ന ഉപദേശം മേഘഗർജനങ്ങളിലൂടെ അതീതകാലത്ത് നിന്ന് വന്ന് ഇന്നും നമ്മെ ഉണർത്തുന്നു.

മൂവർക്കും നൽകിയ ഉപദേശം ഒന്ന് തന്നെ. എന്നാൽ ഓരോരുത്തർക്കും അർത്ഥം വെവ്വേറെ ആയിരുന്നു. സമൂഹജീവിതമാരംഭിക്കുന്ന പ്രാങ്നാഗരികാവസ്ഥയിൽ പ്രജാപതി നൽകിയ ഈ ഉപ

ദേശം സംസ്കാരത്തിന്റെ ആദിമബീജമായി കണക്കാക്കാം. തങ്ങളുടെ സിദ്ധികൾ മറ്റുള്ളവർക്ക് ദോഷമാകാത്ത രീതിയിൽ വിനിയോഗിക്കാൻ ശീലിക്കുന്നതാണ് കൂട്ടായ്മയുടെ ആദ്യപാഠം. അതാണ് പ്രജാപതി ഉപദേശിച്ചത്. ദേവദാനവമാനവരൊക്കെ മനുഷ്യൻ തന്നെയാണ് – മനസ്സിന്റെ വിവിധ തലങ്ങൾ. പല തരക്കാർ ഒന്നിച്ചുകഴിയുമ്പോൾ കരുതിയിരുന്നാലേ പൊരുത്തപ്പെടൂ. ഈ പൊരുത്തത്തിനുള്ളതാണീ പെരുമാറ്റച്ചട്ടം. ഏതൊരു കോൺവോക്കേഷൻ അഡ്രസ്സിനേക്കാളും വിലയേറിയതാണീ വാക്കുകൾ.

പ്രജാപതിയുടെ വാക്കുകൾ പിന്നീടവർ മറന്നെന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ബലമുള്ളവൻ ഇല്ലാത്തവനെ കീഴടക്കി അടിമയാക്കി, ആഹാരമാക്കി മീൻമുറ അനുവർത്തിച്ചു. അങ്ങനെയാണ് മഹാബലിയെ വാമനൻ കീഴടക്കിയത്. പച്ചച്ചതി ആയിരുന്നു അത്. ആരും ചെയ്യാത്ത ത്യാഗമാണ് അസുരചക്രവർത്തി ചെയ്തത്. അതുകൊണ്ട് ആ ബലി മഹത്തായ ബലിയായി മാറി. വർഗ്ഗങ്ങൾ ഉടലെടുത്തപ്പോൾ മേൽക്കൈ നേടാൻ മഹാബലർ നടത്തിയ ശ്രമങ്ങളുടെ ആദ്യത്തെ ഇരയായിത്തീർന്നു മഹാബലി.

അതൊരു തുടക്കമായിരുന്നു. ഇരകളുടെ നിര ദിനംതോറുമേറിവന്നു. പ്രജാപതിയുടെ വാക്കുകൾ ആരും ശ്രദ്ധിക്കാതായി. അപ്പോഴാണ് കനിവ് തേടി പ്രജാപതി നെഞ്ചിടറി യാചിച്ചത്– 'ന ഹന്തവ്യോ, ന ഹന്തവ്യ:' – കൊല്ലരുതേ. ആശ്രമ മൃഗങ്ങളെ കൊല്ലരുതേ. അങ്ങനെയാണ് കവി രുദിതാനുസാരി ആയത്. ശോകം ശ്ലോകമായി. പ്രജാപതി കവിയായി കാലത്തിന്റെ വക്കിൽ കാതോർത്തിരിക്കുന്നു.

കഞ്ഞുണ്ണിമാസ്റ്റർ പറഞ്ഞു – കവിതയിൽ ഒരു വിത ഉണ്ട്. വിതയ്ക്കുന്നവൻ കവി – കർഷകൻ. കാർഷിക സംസ്കൃതിയിൽ നിന്ന് ഉതിർന്ന പദമാണ് കൾച്ചർ. മണ്ണിലെ വിതയാണ് അഗ്രികൾച്ചർ. നല്ലമണ്ണിൽ വീണ വിത്ത് മുളയ്ക്കും, തളിർക്കും, സൗന്ദര്യമുള്ള പൂക്കൾ അതിൽ വിരിയും. മനസ്സിലെ വിതയാണ് കവിത. നല്ല മനസ്സിൽ വീണ വിത്ത് പൂത്ത് ആത്മാവിൽ സുഗന്ധം വഹിക്കും. സൗഗന്ധികങ്ങൾ തേടി മനുഷ്യർ യാത്ര തുടരും. ആത്മാവിന്റെ സുഗന്ധമെന്ന് സാംസ്കാരത്തെ വിശേഷിപ്പിക്കുമ്പോൾ അർഥമാക്കുന്നത് മൃഗത്തിൽ നിന്ന് മനുഷ്യനിലേക്കുള്ള അനുസ്യൂതമായ വളർച്ചയെ ആണ്.

വേഷഭൂഷകളിൽ വരുന്ന മാറ്റം മാത്രമല്ലത് – നാഗരികതമാത്രം മതിയതിന്. Behavioural Pattern മാത്രമല്ല സംസ്കാരത്തിന്റെ പരിസരം; മനസ്സിന്റെ വളർച്ചയാണ് സംസ്കാരം.

അതുകൊണ്ട് സംസ്കാരത്തിന്റെ ഏറ്റവും ലളിതമായ നിർവചനമിതാണ്– Culture is our concern for others. ഈ ഉത്ക്കണ്ഠ മനസ്സിലുള്ളതുകൊണ്ടാണ് നിലവിളി കേട്ടിടത്തേക്ക് ആദികവി ഓടിയെത്തിയത്– എന്നിട്ട് കനിവോടെ പറഞ്ഞു 'ആശ്രമത്തിലേക്ക് വരൂ, നിന്റെ വീടെന്ന് അതിനെ കരുതൂ'.

സമൂഹമനസ്സിൽ നിന്ന് അറിയാതെ ഉയരുന്ന ഈ കനിവിന്റെ സ്വരമാണ് സംസ്കാരത്തിന്റെ ചിഹ്നമായി ഈ പ്രഭാഷണം അടയാളപ്പെടുത്തുന്നത്.

## 2 സാംസ്കാരിക സ്വത്വങ്ങൾ

ആദ്യകാലത്ത് മനുഷ്യൻ ഒന്നിച്ചത് ചെറിയ സമൂഹങ്ങളായിട്ടാണ്. ഒരു ഗുരുവിന്റെ കീഴിൽ പഠിക്കുന്നവർ ഒരു ചരണം, പലചരണങ്ങൾ ചേർന്നു കുലം, കുലങ്ങൾ ചേർന്നു ഗോത്രം. ഗോത്രമായിരുന്നു സമൂഹജീവിതത്തിന്റെ ആദ്യത്തെ ഏകകം.

ഓരോ ഗ്രോത്രവും അതാതിന്റെ തനിമ നിലനിർത്താൻ യത്നിച്ചു. മറ്റുഗോത്രങ്ങളേക്കാൾ ശ്രേഷ്ഠത തന്റെ ഗോത്രത്തിനാണെന്ന് വിശ്വസിച്ചു. തങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടവർ എന്ന് ഊറ്റം കൊണ്ടു.

'ന്റുപ്പാപ്പക്കൊരാനേണ്ടാർന്നു' എന്നത് അക്കാലം മുതലുള്ള ചിന്തയാണ്. അത് കുയ്യാന അല്ലെന്നും കൊമ്പനാന തന്നെയായിരുന്നെന്നും അവർ ശഠിച്ചു. സമൂഹത്തിൽ സ്വത്വബോധം ഉടലെടുക്കുന്ന തങ്ങനെയാണ്. ഈ സൂക്ഷ്മസ്വത്വബോധമാണ് (Micro identity ) കുലം, ജാതി, മതമെന്നിങ്ങനെ വികസിക്കുന്നത്. ഒരു സമൂഹത്തിന്റെ സാംസ്കാരികസ്വത്വം രൂപം കൊള്ളുന്നതങ്ങനെയാണ്.

ഈ സ്വത്വബോധത്തിന് രണ്ടു സവിശേഷതകളുണ്ട്. i. തങ്ങളുടെ സ്വത്വത്തിൽ കലർപ്പുണ്ടാകരുതെന്ന ചിന്ത ii. കുലം കുറ്റിയറ്റുപോകരുതെന്ന ഉത്ക്കണ്ഠ. ഗോത്ര സംസ്കാരം, കാച്ചിക്കുറുക്കിയാൽ, ഈ രണ്ടിലൊതുക്കാം. ഇതിൽ ആദ്യത്തേതിന്റെ ഫലമാണ് ചാരിത്ര്യമെന്ന സങ്കല്പം. രക്തശുദ്ധിയാണിതിന്റെ അടിസ്ഥാനകാരണം. സമൂഹത്തിൽ പിൽക്കാലത്തുണ്ടായ ഒട്ടേറെ ആചാരങ്ങളുടെ നിദാനം അദമ്യമായ ഈ ശുദ്ധിബോധമാണ്. സ്ത്രീകൾ അന്തർജനങ്ങൾ ആയത് അങ്ങനെയാണ്. പരപുരുഷനെ കാണുന്നതിൽ നിന്ന് വിലക്കിയതും പുറത്തിറങ്ങുമ്പോൾ മറക്കുടയും കൂടെ തോഴിയും വേണമെന്ന് വന്നതുമങ്ങനെയാണ്. പുരുഷന് ഈ നിബന്ധനകളൊന്നും ബാധകമല്ല. കാരണം, തന്റെ ഗോത്രത്തിൽ കലർപ്പുണ്ടാകരുതെന്നേ ഉള്ളൂ; മറ്റുള്ളിടത്തുണ്ടാകുന്നതിനെപ്പറ്റി ചിന്തിക്കേണ്ടതില്ല. അതുകൊണ്ട് വേളിക്ക് കലർപ്പ് പാടില്ല, സംബന്ധത്തിനാകുന്നതിൽ കുഴപ്പവുമില്ല.

കേരളത്തിലെ നമ്പൂതിരി സമുദായത്തെ ഒരുദാഹരണമായെടുത്താൽ ഓരോ കൂട്ടത്തിനും ഒരു ഗോത്രമുണ്ട്, ഋഷിയുണ്ട്. ആ ഗോത്രരീതി രക്ഷിക്കുകയാണ് അവരുടെ ധർമ്മം. ഇതെല്ലാ സമൂഹങ്ങൾക്കും ബാധകമാണ്; ഏറ്റവും പ്രാകൃതവുമാണ്.

രക്തശുദ്ധിയോടു ബന്ധപ്പെട്ടിട്ടാണ് കുലം നിലനിർത്തണമെന്ന ചിന്ത ഉണ്ടാകുന്നത്. പുത്രനില്ലാത്തവൻ നരകത്തിൽ പോകുമെന്ന വിശ്വാസമിതിൽ നിന്ന് വന്നതാണ്. അതിന് നിവൃത്തി ഇല്ലാതെ വന്നാൽ നിയോഗമാകാം. ഭർത്താവല്ലാത്തവരിൽ നിന്ന് സ്ത്രീകൾക്ക് ബീജം സ്വീകിരിക്കാം. മഹാഭാരതത്തിൽ അംബ അബാലികമാരും കുന്തിയുമൊക്കെ ഇങ്ങനെ നിയോഗം സ്വീകരിച്ചവരാണ്.

ഇവിടെ ഒരു വൈരുദ്ധ്യമുണ്ട്-രക്തശുദ്ധി പരമപ്രധാനമായിരിക്കേ നിയോഗം കലർപ്പുണ്ടാക്കുകയില്ലേ? മഹാഭാരതത്തിന്റെ സംഘർഷത്തിന്റെ ബീജം സൂക്ഷ്മമായാലോചിച്ചാൽ ഈ വൈരുദ്ധ്യത്തിലധിഷ്ഠിതമാണ്.

പാണ്ഡവർക്ക് രാജാധികാരം നൽകാതിരിക്കാൻ ദുര്യോധനൻ പറയുന്ന ന്യായം അവരൈവരും പാണ്ഡുവിന്റെ പുത്രന്മാരല്ല എന്നതാണ്. ഈ യുക്തിക്ക് മുൻപിൽ കുന്തി തളർന്നുപോയി. നേരെ പറഞ്ഞാൽ ചോദ്യമിതാണ്-മക്കൾ ആരുടെ? അമ്മയുടെയോ അച്ഛന്റേയോ? ഇതുവരെ ധരിച്ചിരുന്നത് അമ്മയുടേതെന്നാണ്. ദുര്യോധനൻ വാദിക്കുന്നു-മക്കൾ അച്ഛന്റേത്. പാണ്ഡു ഇവരുടെ അച്ഛനല്ല. അതുകൊണ്ട് രാജ്യത്തിനിവർ അധികാരികളല്ല. ദുര്യോധനൻ സൗകര്യപൂർവം വിസ്മരിക്കുന്ന ഒരു കാര്യമുണ്ട് - പാണ്ഡവർ മാത്രമല്ല കുരുകുലത്തിലെ മുതിർന്നവരാകെ നിയോഗത്താൽ ഉളവായവരാണ്. പക്ഷേ, അക്കാലത്തത് സാധുവായിരുന്നു. ഇപ്പോൾ കാലം മാറി. ആ മാറ്റമാണ് ദുര്യോധനന്റെ ചോദ്യത്തിൽ നിഴലിക്കുന്ന സാമൂഹ്യശാസ്ത്രം.

പ്രാചീന സമൂഹത്തിൽ കാർഷികവൃത്തിക്കും സ്വകാര്യസ്വത്തിനും പ്രാമുഖ്യം വരുന്ന ഒരു കാലഘട്ടത്തെയാണ് ഇത് കുറിക്കുന്നത്. സ്വത്ത് വരുമ്പോഴാണ് അവകാശത്തർക്കമുണ്ടാകുന്നത്. വയൽ ഉഴുതുമറിച്ച് വിത്തെറിയുന്നു. വിളയുടെ അവകാശമാർക്ക്? ദുര്യോധനൻ വാദിക്കുന്നു-വിളവിന്റെ ഉടമ കർഷൻ തന്നെ. അപ്പോൾ വയലോ? വിത്തിന് മുളയ്ക്കാനൊരു ഇടം.

ഭാരതീയ സങ്കല്പത്തിൽ സ്ത്രീ ക്ഷേത്രമാണ്. വളർത്താനേ ക്ഷേത്രത്തിനവകാശമുള്ളൂ. വിള വിതച്ചവന് അവകാശപ്പെട്ടത്. കുന്തിക്ക് വാക്കുകൾ കിട്ടാതെപോയതിൽ അദ്ഭുതമില്ല. ദുര്യോധനൻ മൂലധനത്തിന് പുതിയൊരു നിർവചനം നൽകുകയായിരുന്നു.

മൂന്ന് കാര്യങ്ങൾ ഇവിടെ ഓർക്കേണ്ടതുണ്ട് - i. രക്തശുദ്ധി എന്ന ഗോത്രസങ്കല്പം ഈ ഘട്ടത്തിലും തുടരുന്നു. ii. നിയോഗം രക്തശുദ്ധിയിൽ കലർപ്പുണ്ടാക്കുന്നു. iii. സമ്പത്തിനധികാരി പുരുഷനാകുന്നു.

കേരളീയ സമൂഹത്തെ രൂപപ്പെടുത്തിയത് മേല്പറഞ്ഞ മൂന്ന് ചിന്തകൾ നിറച്ച ബോധമണ്ഡലമായിരുന്നു. നൂറ്റാണ്ടുകളോളം മാറ്റമില്ലാതെ ഈ ജാതിസ്വത്വബോധം സമൂഹത്തെ നയിച്ചു. ഈ ഗോത്ര സംസ്കൃതിയാണ് സാംസ്കാരിക സ്വത്വം (Cultural identity) എന്ന് നാം ധരിക്കുകയും ചെയ്തു.

ഈ ലഘു സ്വത്വബോധത്തെ (micro-identity ബൃഹത് സ്വത്വബോധം (macro-identity) കീഴടക്കി എന്നതാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഉണ്ടായ പ്രത്യേകത. അതൊരു പൊട്ടിത്തെറി ആയിരുന്നു.

ജാതിമതസ്വത്വങ്ങൾ ഇടുങ്ങിയവയാണെന്നും അതിൽ നിന്ന് മുക്തി നേടി മനുഷ്യനെന്ന മഹാസ്വത്വത്തിലേക്ക് വളരണമെന്നുമാണ് ശ്രീനാരായണ ഗുരു ഉപദേശിച്ചത്. നമ്പൂതിരിയേക്കാൾ വലുതാണ് മനുഷ്യനെന്നും അതുകൊണ്ട് നമ്പൂതിരി ജാതിസ്വത്വം വിട്ട് മനുഷ്യനെന്ന മഹാസ്വത്വത്തിലേക്ക് ഉയരണമെന്നുമാണ് ഓങ്ങല്ലൂരിൽ നിന്നുയർന്ന കാഹളം. കേരളം വളരുന്നു എന്നത് ഭൂമിശാസ്ത്ര പരമായ വളർച്ചയല്ല, ലോകത്തോളം അതുവളർന്നു. ലോകം തന്നെ തറവാടാക്കാൻ നാമൊരുങ്ങി. തറവാടുപേക്ഷിക്കുകയല്ല, തറവാടിനെ ലോകത്തോളം വളർത്തുകയാണ് നാം ചെയ്തത്.

നാവോത്ഥാനമെന്നത് പുതിയൊരു സൃഷ്ടി ആയിരുന്നു. ജാതി സ്വത്വങ്ങളെ ഉടച്ച് ഒരു പൊതുസ്വത്വ ബോധം സൃഷ്ടിച്ചതാണ് നവോത്ഥാനത്തിന്റെ നേട്ടം. നായരും നസ്രാണിയും തുടങ്ങി ആയിരക്കണക്കിന് ലഘുസ്വത്വങ്ങളിലൂറ്റം കൊണ്ട മലയാളിക്ക് കേരളീയൻ, ഭാരതീയൻ എന്നൊക്കെയുള്ള പുതിയ പൊതുസ്വത്വങ്ങൾ കൈവന്നു. കുടുമ മുറിക്കും പോലെ പ്രതീകാത്മകമായി പലരും പേരിന്റെ തുമ്പിലെ സ്വത്വചിഹ്നം മുറിച്ചുമാറ്റി. ഭാരതമെന്ന് കേട്ടാൽ അഭിമാനപൂരിതനാകാനും കേരളമെന്നു കേട്ടാൽ ഞരമ്പിൽ ചോരതിളയ്ക്കാനും കഴിഞ്ഞത് ഈ സ്വത്വബോധവികാസത്തെ ഉൾക്കൊള്ളാൻ നമുക്ക് കഴിഞ്ഞതുകൊണ്ടാണ്.

വമ്പിച്ച ഈ ഒരു മാറ്റം കൈവരിക്കാൻ കേരളീയ സമൂഹത്തെ ശക്തമാക്കിയ ധാരാളം ഘടകങ്ങളുണ്ട്. അതിലേറ്റവും മുഖ്യമായത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുണർന്ന ദേശീയ ബോധവും തുടർന്നുണ്ടായ രാഷ്ട്രീയപ്രസ്ഥാനങ്ങളുമാണ്. പുതിയ സമൂഹസൃഷ്ടിക്ക് രാഷ്ട്രീയം പൊതുവേദി സൃഷ്ടിച്ചു. പൗരബോധവും പൊതുസമൂഹവും രൂപപ്പെട്ടു എന്നതാണ് നവോത്ഥാനം നൽകിയ സംഭാവന.

സാംസ്കാരിക തലത്തിൽ നോക്കുമ്പോൾ മലയാളിയുടെ സാംസ്കാരിക സ്വത്വം ജാതിമതാദിലഘുസ്വത്വങ്ങളിൽ നിന്ന് അന്തർദേശീയ തലത്തോളമുയർന്നു. ഈ പൊതുസ്വത്വരൂപീകരണത്തിന് പുരോഗമന ചിന്തയും വിദ്യാഭ്യാസ രീതിയും നൽകിയ സംഭാവന വളരെ വലുതാണ്.

## 3. അധിനിവേശത്തിന്റെ സംസ്കാരം

സമൂഹത്തിന് രണ്ട് അധികാരസ്ഥാനങ്ങളുണ്ട്. രാജാവും ദൈവവും. രാജാവ് ഇഹലോകത്തെയും ദൈവം പരലോകത്തെയും ഭരിക്കുന്നു എന്ന് സാമാന്യമായി പറയാം. രാജാവിനെ കാണാം, ദൈവത്തെ കാണാൻ പറ്റില്ല. അതുകൊണ്ട് പുരോഹിതന്മാരിലൂടെയാണ് ദൈവം ജനങ്ങളെ നിയന്ത്രിക്കുന്നത്. മുടന്തനും അന്ധനും തമ്മിലുള്ള ബന്ധമാണിവർക്ക്. മുടന്തന് നടക്കാൻ വയ്യ, കണ്ണ് കാണാം. അന്ധന് കണ്ണില്ല, കാലുണ്ട്. അന്ധന്റെ ചുമലിൽ മുടന്തൻ ഇരുന്നാൽ രണ്ടുപേർക്കും സൗകര്യം. നേരെ നടക്കാം, കാര്യം നടത്താം. പങ്ക്വന്ധന്യായം എന്നാണിതിനെ സംസ്കൃതത്തിൽ പറയുക. പുരോഹിതന് സമ്പത്തും സ്വാധീനവുമില്ല, അതു രാജാവ് കൊടുക്കും; ജനങ്ങളെ ഒതുക്കി നിർത്താൻ ആവ

ശ്യമായ ആശയം അതു പുരോഹിതൻ നൽകും. ഇവരുടെ ഈ കൂട്ടുബന്ധവടമാണ് സമൂഹത്തെ അടിമത്വത്തിൽ നിലനിർത്തുന്നത്. ദൈവമതിന് സാക്ഷിമാത്രം. സാക്ഷിഭാസ്യത്വമാണല്ലോ ബ്രഹ്മത്തിനുള്ളത്.

വ്യക്തിയെ കൊല്ലാൻ അമ്പുമതി, സമൂഹത്തെ ഒതുക്കാൻ അമ്പിന് കഴിയില്ല. അതിന് ആശയം വേണം. ആശയങ്ങൾക്ക് അധീശത്വം വരുന്നതപ്പോഴാണ്. അധികാരമുള്ളവന്റെ ആയുധമായി മാറുന്ന സംസ്കാരമപ്പോൾ. സമൂഹത്തിന്റെ സംസ്കാരമെന്നത് എക്കാലത്തും അതതുസമൂഹത്തിന്റെ മേലാളരുടെ സംസ്കാരമാണ്.

കാർഷികബന്ധബിൽ വരുന്നതുവരെ കൃഷിക്കാരൻ അടിമയായിരുന്നു. എന്തുകൊണ്ട് ഇത്രനാൾ കർഷകൻ അടിമയായി കഴിഞ്ഞു? പുരോഹിതനവനെ പഠിപ്പിച്ചിരുന്നു - കേരളം പണ്ട് കടലായിരുന്നു. പരശുരാമൻ ഇവിടെ കര ഉണ്ടാക്കി. എന്നിട്ട് അത് 64 ബ്രാഹ്മണർക്ക് ദാനം ചെയ്തു. പരശുരാമൻ നൽകിയ പട്ടയത്തിന്റെ ബലത്തിലാണ് ഇക്കാലമത്രയും ജന്മിമാർ കർഷകരുടെ ചോരയൂറ്റിയത്. ഇത് വ്യാജമാണെന്ന് തെളിയാൻ 57-ൽ ഒരു സർക്കാർ വരേണ്ടിവന്നു. ഇങ്ങനെയാണ് അധികാരസ്ഥാനങ്ങൾക്കാവശ്യമായ കള്ളക്കഥകൾ മെനഞ്ഞ് പൗരോഹിത്യം അന്ധനായ രാജാവിനെ നിലനിർത്തുന്നത്. കർഷകന്റെ മാത്രമല്ല, സ്ത്രീകളുടെ, ദളിതരുടെ, ദുർബലരുടെ എല്ലാം അടിമത്തമവസാനിക്കണമെങ്കിൽ അവരെ അടിമകളാക്കാൻ പൗരോഹിത്യം പടച്ചുവെച്ച ബോധമണ്ഡലം അടിച്ചുടയ്ക്കണം. ഈ അടിസ്ഥാനത്ത്വം ഗ്രഹിക്കാതെയാണ് വിമോചനപ്രസ്ഥാനങ്ങൾ പലതും പ്രവർത്തിക്കുന്നത്. സ്ത്രീകളുടെ ശാക്തീകരണത്തിന് തടസ്സം പുരുഷനല്ല, പൗരോഹിത്യമാണ്; അവരുണ്ടാക്കിയ ആശയമണ്ഡലമാണ്, അതിന്റെ രൂപമായ മതമാണ്. പൊരുതേണ്ടത് ആ ബോധമണ്ഡലത്തോടും അത് നിലനിർത്താൻ പാടുപെടുന്നവരോടുമാണ്. ആരാധനാലയങ്ങളിൽ നിന്ന് സ്ത്രീയെ അകറ്റി നിർത്തുന്ന പൗരോഹിത്യം പൂജ്യം; ഒന്നിച്ചുറങ്ങുന്ന പുരുഷൻ ശത്രു എന്ന ക്വിക്സോട്ടിയൻ പരാക്രമം കൊണ്ട് സ്ത്രീകൾക്ക് മോചനമുണ്ടാകുകയില്ല.

അധീശസംസ്കാരത്തിന്റെ പ്രശ്നമിതാണ്. അടിമത്തം ഉണ്ടാകുന്നതല്ല, ഉണ്ടാക്കുന്നതാണ്. ഒരു സമൂഹത്തെ അടിമയാക്കാൻ ആദ്യം ചെയ്യുന്നത് അതിനുതകുന്ന ആശയത്തെ സമൂഹമനസ്സിൽ നിറയ്ക്കുകയാണ്. സംസ്കാരത്തെ കീഴടക്കുകയാണ് ഒരു ജനതയെ കീഴടക്കുന്നതിന്റെ മൂന്നുപാധി.

അധീശന്റെ സംസ്കാരം കേമം, അല്ലാത്തത് ഹീനം എന്നൊരു വേർതിരിവ് സംസ്കാരത്തിനുണ്ട്. ബോധപൂർവ്വം സൃഷ്ടിച്ചതാണിത്. നഗരം കേമം, ഗ്രാമം മോശം. ഗ്രാമ്യം എന്നാൽ മോശമായത്. കൈകൊണ്ട് പണിയെടുക്കുന്ന കുശവൻ ചീത്ത;, ചിന്തിക്കുക മാത്രം ചെയ്യുന്ന പണ്ഡിതൻ കേമൻ. പണിയെടുക്കാത്തവനാണിത് തീരുമാനിക്കുന്നത്.

ഭാസന്റെ ബാലിവധം എന്ന നാടകത്തിൽ ഒളിയമ്പേറ്റ് പിടയുന്ന ബാലി, ശ്രീരാമനാണ് അമ്പെയ്തത് എന്നറിയുമ്പോൾ തെറ്റ് ചെയ്യാത്ത തന്റെ നേരെ അമ്പെയ്തതിന്റെ കാരണം ആരായുന്നു. സഹോദരന്റെ പത്നിയെ സ്വീകരിച്ചത് തെറ്റെന്ന് ശ്രീരാമൻ. കാട്ടിലെ നിയമമതാണെന്ന് ബാലി. വാനരൻ നാട്ടിലെ നിയമമനുസരിച്ചുകൊള്ളണമെന്ന് രാജാവ്. സദ്ദാം ഹുസൈനോട് ബുഷ് പറഞ്ഞതും ഇത് തന്നെയാണ്. അധികാരമാണ് ആശയത്തെ, സംസ്കാരത്തെ രൂപപ്പെടുത്തുന്നതും നിലനിർത്തുന്നതും.

## 4 കേരളീയ നവോത്ഥാനം

സംസ്കാരത്തിന്റെ പൊതുസ്വഭാവം, ലഘുസംസ്കാരസ്വത്വങ്ങൾ, അധീശസ്വഭാവം എന്നീ മൂന്നു കാര്യങ്ങളാണ് ഇത് വരെ ചർച്ച ചെയ്തത്. നവോത്ഥാനത്തിന്റെ ഫലമായി രൂപം കൊണ്ട പൊതുസമൂഹത്തെപ്പറ്റിയും സൂചിപ്പിച്ചു. കേരളരൂപീകരണത്തിന് ശേഷമുള്ള ദശകങ്ങളിൽ സാംസ്കാ

രിക മണ്ഡലത്തിൽ എന്തുണ്ടായി എന്നാണ് ഈ ഖണ്ഡത്തിൽ ആലോചിക്കുന്നത്. ഇത് മനസ്സിലാക്കുന്നതിന് കേരളീയ നവോത്ഥാനത്തിന്റെ ഒരു സവിശേഷതയെ കൂടി സൂചിപ്പിക്കേണ്ടതുണ്ട്.

സമൂഹത്തിന് പല പാളികൾ ഉണ്ട്. ഇതിൽ മേൽപ്പാളിയിലാണ് പുതിയ ആശയങ്ങൾ പെട്ടെന്ന് പതിക്കുക. 19-ാം നൂറ്റാണ്ടിൽ സമൂഹത്തിന്റെ ബോധമണ്ഡലത്തെ ഞെട്ടിച്ച ഒട്ടനവധി വെളിപ്പെടുത്തലുകൾ ഉണ്ടായി. ഡാർവിന്റെ പരിണാമസിദ്ധാന്തം മതമുറപ്പിച്ചിരുന്ന സൃഷ്ടിവാദത്തിൽ വിള്ളലുണ്ടാക്കി. ഫ്രോയിഡിന്റെ മനഃശാസ്ത്രസിദ്ധാന്തങ്ങൾ ഭൂതപ്രേത പിശാചുക്കളുടെ ഭീദിതലോകത്തെ തകർത്തുകളഞ്ഞു. മനുഷ്യനാണ് ചരിത്രത്തിന്റെ സൃഷ്ടാവെന്ന മാർക്സിന്റെ മൂലധനസിദ്ധാന്തം തെളിയിച്ചു. സഹസ്രാബ്ദങ്ങളായി കല്ലിച്ചുകിടന്ന സാമൂഹ്യഘടനയെ ഈ ചിന്തകൾ ഇളക്കിമറിച്ചു. വായിക്കാൻ കഴിയുന്നവരെയാണ് ഇത് സ്വാധീനിച്ചത്. അതുകൊണ്ട് തന്നെ മേൽത്തട്ടിൽ നിന്നാണ് ചലനങ്ങൾ താഴോട്ടുവന്നത്. ഇന്ത്യൻ നവോത്ഥാനത്തിന്റെ ചരിത്രം രാജാറാം മോഹൻ റായിയിൽ നിന്നാരംഭിക്കുന്നതിന്റെ കാരണമതാണ്. മിക്കവാറും എല്ലയിടത്തും സംഭവിച്ചതിങ്ങനെ തന്നെയാണ്. ഇതുകൊണ്ടുണ്ടായ തകരാറ് സമൂഹത്തിന്റെ അടിത്തട്ടിലേക്ക് മാറ്റത്തിന്റെ മാറ്റൊലികൾ എത്തിയില്ല എന്നതാണ്. ഇടയ്ക്കുവെച്ചു തന്നെ ശബ്ദം നിലച്ചുപോയി. താഴത്തേക്കെത്തിയയിടങ്ങളിൽ തന്നെ തുടരാൻ വേണ്ട ഇച്ഛാശക്തിയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇല്ലാതെ പോയതിനാൽ മാറ്റം സ്ഥായി ആയില്ല.

ഈ രണ്ടു കാര്യങ്ങളിലും കേരളം വ്യത്യസ്തത പുലർത്തി. നവോത്ഥാനത്തിന്റെ ചലനങ്ങൾ ഇവിടെ ആരംഭിച്ചത് സമൂഹത്തിന്റെ താഴെ തട്ടിൽ നിന്നാണ്. മാറ്റത്തിന്റെ മുന്നണിയിൽ നിന്നതും അവരാണ്. മാറ്റത്തിന്റെ കാറ്റ് മേൽത്തട്ടിലെത്തിയപ്പോഴേയ്ക്കും എതിർക്കാൻ വയ്യാത്ത നിലയിൽ യാഥാസ്ഥിതികത്വം മരവിച്ചുകഴിഞ്ഞിരുന്നു. അതുകൊണ്ട് മേൽ തട്ടിലുള്ളവരിൽ പലരും കീഴ്ത്തട്ടുകാരോട് ചേരുകയും മാറ്റത്തിന്റെ രഥം ഒന്നിച്ച് വലിക്കുകയും ചെയ്തു. എതിർപ്പുകൾ ഉണ്ടായിരുന്നു. എന്നാൽ അവയെ മറികടക്കാൻ മാത്രം ബഹുജനപ്രസ്ഥാനങ്ങൾ കരുത്താർജിച്ചിരുന്നു.

ഇത്തരത്തിലുണ്ടായ മാറ്റം താല്ക്കാലികമാകാതിരിക്കാൻ അവയെ ഏറ്റെടുക്കുന്നതിനുള്ള രാഷ്ട്രീയാന്തരീക്ഷവും കേരളത്തിലുണ്ടായി. സ്വാതന്ത്ര്യസമരം ശക്തമായ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇന്ത്യൻ നാഷനൽ കോൺഗ്രസ് ആണ്, മറ്റെല്ലാ സംസ്ഥാനങ്ങളിലുമെന്ന പോലെ, കേരളത്തിലും സ്വാതന്ത്യസമരത്തിന് നേതൃത്വം നൽകിയത്. എന്നാൽ കോൺഗ്രസ്സിൽ തന്നെ സ്വാതന്ത്യത്തെ സംബന്ധിച്ച് വ്യത്യസ്തധാരണകൾ നിലനിന്നിരുന്നു. സ്വാതന്ത്യത്തിന്റെ ലക്ഷ്യം ബ്രിട്ടീഷുകാർ ഇന്ത്യ വിട്ട് പോകുക മാത്രമല്ല, ബ്രിട്ടീഷുകാർ വരുന്നതിന് മുൻപും ഇവിടെ അടിയാളർക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. 1937-ൽ ഇ.എം.എസ്.നമ്പൂതിരിപ്പാട് ഒരു ലേഖനത്തിൽ പട്ടിണിയിൽ നിന്നുള്ള മോചനമെന്ന് സ്വാതന്ത്ര്യത്തെ നിർവഹിച്ചു. ഇത് വലിയൊരു മാറ്റമാണ്. കാരണം സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരം ചൂഷണത്തിനെതിരെയുള്ള സമരമായി മാറി. അനേകം കർഷക സമരങ്ങളും അധ്യാപക സമരങ്ങളും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഉണ്ടായി. ഈ ആശയം ഉൾക്കൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടന്നു. ആ രാഷ്ട്രീയ ശക്തിക്ക് കേരളത്തിൽ ആദ്യത്തെ മന്ത്രിസഭക്ക് നേതൃത്വം കൊടുക്കാൻ ജനങ്ങൾ അധികാരവും നൽകി. നവോത്ഥാന കാലഘട്ടത്തിൽ ആശയരംഗത്ത് മാത്രം നിലനിന്ന കാര്യങ്ങൾക്ക് നിയമപരമായി സ്ഥായിത്വം നൽകാൻ ഇതു മൂലം സാധിച്ചു. നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കാർഷിക രംഗത്തും വിദ്യാഭ്യാസ രംഗത്തും നിയമനിർമ്മാണം നടത്താൻ ആ സർക്കാർ മുന്നോട്ടുവന്നു.

കേരള ചരിത്രത്തിൽ വ്യക്തമായ കുതിച്ചുചാട്ടമുണ്ടായ ഒരു സന്ദർഭമായി ഇതു മാറി. എന്നാൽ നൂറ്റാണ്ടുകളായി കൈവശത്തിലിരുന്ന അധികാരം നഷ്ടപ്പെട്ട മേൽത്തട്ടുകാർ ഗവൺമെന്റിനെതിരെ രംഗത്തുവന്നു. തുടർന്നുണ്ടായ സമരാഭാസങ്ങൾക്ക് കേന്ദ്രം കൂട്ടുനിൽക്കുകയും സർക്കാർ നിലംപതിക്കുകയും ചെയ്തു.

**കത്തിവേഷങ്ങൾ**

തുടർന്നുള്ള നാലുദശകങ്ങൾ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ നിർണ്ണായകങ്ങളാണ്. കേരളത്തിൽ കമ്യൂണിസ്റ്റ് സർക്കാർ അധികാരമേറ്റത് ലോകത്തിന്റെ മുഴുവൻ ശ്രദ്ധയെ കേരളത്തിലേയ്ക്കാകർഷിച്ചു-ചിലർ ആകാംക്ഷയോടെ, ചിലർ അഭിമാനത്തോടെ, ചിലർ ഭയപ്പാടോടെ. അവസാനത്തെ വിഭാഗത്തിന്റെ നേതൃത്വം അമേരിക്കക്കായിരുന്നു. അവരുടെ നേതൃത്വത്തിലും ധനസഹായത്തിലുമായിരുന്നു സർക്കാരിനെതിരായ സമരം നടന്നത്. അവരുടെ ഒരു പ്രതിനിധി അക്കാലത്ത് ആലുവായിൽ വെച്ചുചേർന്ന യോഗത്തിൽ ക്രൈസ്തവ സഭാംഗങ്ങളോട് ചോദിച്ചു- 'കേരളത്തിൽ കമ്യൂണിസ്റ്റ് ഭരണം വരാൻ കാരണമെന്താണ്?'

സാഹിത്യകാരന്മാരാണ് കേരളത്തിൽ കമ്യൂണിസം പ്രചരിപ്പിച്ചതെന്നായിരുന്നു സദസ്സിന്റെ മറുപടി. എടുത്തടിച്ചപ്പോലെ അദ്ദേഹം ചോദിച്ചു-'നിങ്ങൾ എന്തുചെയ്യുകയായിരുന്നു?' ഈ ചോദ്യം കേരളത്തിന്റെ സാംസ്കാരിക രംഗത്ത് ഒട്ടേറെ നിശബ്ദമായ ചലനങ്ങളുണ്ടാക്കി. അതിലേറ്റവും പ്രധാനം വിദേശത്ത് നിന്ന് പണമിങ്ങ് കുത്തിയൊഴുകാൻ തുടങ്ങി എന്നതാണ്. നൂറുകണക്കിന് ഏജൻസികൾ പലപേരിൽ പല മേഖലകളിൽ പ്രവർത്തനം തുടങ്ങി. 2001-ൽ 1474 സന്നദ്ധസംഘടനകൾ വിദേശപണം കൈപ്പറ്റിയിട്ടുണ്ട്. 360 കോടി രൂപയാണ് ആ വർഷം നേർവഴിയിലൂടെ അവരുടെ കൈയിലെത്തിയത്.

പുരോഗമന ശക്തികളെ ശിഥിലീകരിക്കുക എന്നതായിരുന്നു പൊതുതന്ത്രം. കമ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ പിളർപ്പ് അവരുടെ പണി എളുപ്പമാക്കി. വിമോചന സമരക്കാലത്ത് ഇളക്കിവിട്ട വർഗ്ഗീയ ശക്തികളെ ശക്തിപ്പെടുത്തുക എന്നതായിരുന്നു ഒരു പ്രവർത്തനം. ഇതിന് ന്യായീകരണം നൽകാൻ അക്കാദമിക തലത്തിലും ആശയതലത്തിലും ഒട്ടേറെ പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. അതിന്റെ ഭാഗമായിട്ടാണ് 'ജാതി ചോദിച്ചാലെന്താ' എന്ന് ചില സാംസ്കാരിക നായകന്മാർ പറയാൻ തുടങ്ങിയത്. നവോത്ഥാനത്തിന്റെ ഊർജ്ജമുൾക്കൊണ്ട് പൊതുസ്വത്വത്തിന് കീഴടങ്ങിയ ലഘുസ്വത്വങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നത് എഴുപതുകളിലും എൺപതുകളിലും വലിയ അക്കാദമിക്ക് പ്രവർത്തനമെന്ന നിലയിൽ ഇവിടെ കൊണ്ടാടപ്പെട്ടു.

ശക്തമായൊരു കോട്ട കാറ്റിലിളകുകയില്ല. കല്ലുകൾ ഓരോന്നും അടർത്തിയെടുക്കണം. അതിന് വേണ്ടത് കല്ലുകളെ ചേർത്തുവെച്ച സിമന്റ് ഇളക്കുകയാണ്. പുരോഗമനപ്രസ്ഥാനങ്ങളുടെ ഉരുക്കുകോട്ടകൾ ആദർശത്തിന്റെ പശിമയുള്ള മണ്ണും സിമന്റും ചേർത്ത് നിർമ്മിച്ചവയാണ്. ആ പശിമ എടുത്തുകളഞ്ഞാൽ അവ താനെ ശിഥിലമാകും എന്നതാണ് പ്രവർത്തനത്തിന്റെ തന്ത്രം. നമ്മുടെ നാട്ടിൽ ഈ കാലഘട്ടത്തിൽ വളർന്നുവന്ന പല സ്ത്രീവിമോചനപ്രസ്ഥാനങ്ങളും ദളിത് സംഘടനകളും പരിസ്ഥിതിപ്രവർത്തകരും ഒന്നാം നമ്പർ ശത്രുവായി കാണുന്നത് പുരോഗമന പ്രസ്ഥാനങ്ങളെ ആണെന്നത് യാദൃച്ഛികമല്ല. ആശയപരമായി ഇവയ്ക്കടപ്പുമുണ്ടാകേണ്ടത് ഈ പ്രസ്ഥാനങ്ങളോടാണ്.

ആശയമണ്ഡലത്തിൽ വ്യക്തമായൊരു വലതുപക്ഷവ്യതിയാനം സൃഷ്ടിക്കുന്നതിനുള്ള ബോധപൂർവമായ പ്രവർത്തനങ്ങളാണ് സാംസ്കാരിക രംഗത്ത് ഇപ്പോൾ നടക്കുന്നത്. ഇതിന് പുരോഗമന പ്രസ്ഥാനങ്ങളുടെ ആശയങ്ങളെ തിരസ്കരിക്കുകയോ വികലമാക്കുകയോ ചെയ്യേണ്ടതുണ്ട്. ആ ഒരു പ്രക്രിയ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. നവോത്ഥാനമൂല്യങ്ങളെ നിരാകരിക്കാതെ ഇതിൽ വിജയം വരിക്കാനാവില്ല.

നവോത്ഥാനത്തിന്റെ കരുത്ത് സമൂഹത്തിന്റെ യുക്തിബോധമായിരുന്നു. അന്ധവിശ്വാസവും അനാചാരങ്ങളുമാണ് എക്കാലത്തും പ്രതിലോമശക്തികളുടെ പടച്ചട്ടകൾ. ഇവയെ യുക്തിപൂർവ്വം തോല്പിച്ചാണ് പുതുമൂല്യങ്ങൾ സമൂഹത്തിൽ സ്ഥാപിച്ചത്. തിരസ്കരിച്ച ജീർണ്ണിച്ച മൂല്യങ്ങളെ പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

ഇത്തരം ഒരന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുന്ന രീതിയിലാണ് വിദ്യാഭ്യാസരംഗം പ്രവർത്തിക്കുന്നത്. കോഴയുടെയും അധാർമ്മികതയുടെയും ഇരിപ്പിടങ്ങളായി സരസ്വതീക്ഷേത്രങ്ങൾ അധപതിച്ചു. വിദ്യാർഥികളുടെ പ്രവേശനത്തിന് കോഴ, അധ്യാപകന്റെ നിയമനത്തിന് കൈക്കൂലി തുടങ്ങിയവയെല്ലാം ലോകത്തൊരിടത്തും സങ്കല്പിക്കാൻ കഴിയാത്തതാണ്. വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ചയ്ക്ക് കാരണം കൈക്കൂലി കൊടുത്തുകയറിയ ശരാശരിയിലും താഴെയുള്ള അധ്യാപകരാണ്. കോഴ കൊടുത്ത് ജോലിതരപ്പെടുത്തിയ ഒരധ്യാപകന് എന്ത് ധാർമ്മികബോധമാണ് വിദ്യാർഥികളിൽ സൃഷ്ടിക്കാൻ കഴിയുക?

സംസ്കാരത്തോട് ഏറ്റവും ബന്ധപ്പെട്ടു നിൽക്കുന്നത് വിദ്യാഭ്യാസമാണ്. നിലവാരത്തകർച്ച മാത്രമല്ല കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നം. സ്വകാര്യവിദ്യാലയങ്ങൾ അതിവേഗം വർഗ്ഗീയവത്കൃതങ്ങളായിക്കൊണ്ടിരിക്കുകയാണ്. പൊതുസമൂഹത്തെ നിർണ്ണായകമായ പങ്കുവഹിച്ച വിദ്യാലയങ്ങൾ ഇപ്പോൾ ആ മൂല്യങ്ങളെ നിരാകരിക്കുന്നതിനുള്ള ആയുധപ്പുരകളായി മാറിക്കൊണ്ടിരിക്കുന്നു.

വലതുപക്ഷവ്യതിയാനം വേട്ടക്കാരെ മാന്യന്മാരാക്കുന്നു, ഇരകളെ തോക്കിൻ തുമ്പിൽ നിർത്തുന്നു. ചരിത്രത്തിനും സത്യത്തിനും മുകളിൽ വിശ്വാസത്തെ പ്രതിഷ്ഠിക്കുന്നു; വീണ്ടും ഭ്രാന്താലയമാക്കാൻ. അഴിച്ചുപണികൾ വേണ്ടതിവിടെയാണ്. ശ്രദ്ധിക്കണം-വ്യക്തികളെയൊ സംഘടനകളെയോ അല്ല പഴിക്കേണ്ടത്, പിന്നിൽ ഇളകിയാടുന്ന കത്തിവേഷങ്ങളെയാണ്. അവയെ തിരിച്ചറിയുക ക്ലേശകരമാണ് താനും.

......................